# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 3377**

**16.12.2015 – ൽ മറുപടിക്ക്**

### ജനിതകമാറ്റം വരുത്തിയ വിത്തിനങ്ങളും, കൃഷികളും

**ചോദ്യം**

**ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി**

**മറുപടി**

**ശ്രീ.കെ.പി.മോഹനൻ**

(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| എ) ജനിതകമാറ്റം വരുത്തിയ വിത്തിനങ്ങളും. കൃഷികളും സംസ്ഥാനത്ത് പരീക്ഷിക്കുന്നുണ്ടോ; വിശദമാക്കുമോ;<br><br>ബി) മോൺ സാന്തോ കമ്പനിയുടെ ഗോൾഡൻ റൈസ് എന്ന വിത്ത് സംസ്ഥാനത്ത് പരീക്ഷിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | എ) & ബി) ഇല്ല. |
| സി) കൃഷിച്ചെലവ് കുറയ്ക്കാൻ സഹായിക്കുന്നതും കോർപ്പറേറ്റുകൾ നടത്തുന്ന ചൂഷണം ഇല്ലാതാക്കാൻ ഉതകുന്നതുമായ സുഭാഷ് പലേക്കർ കണ്ടുപിടിച്ച ചെലവില്ലാ പ്രകൃതി കൃഷി (സീറോ ബജറ്റ് നാച്വറൽ ഫാമിംഗ്) പോലുള്ള ജൈവകൃഷി രീതി കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | സി) കാർഷിക മേഖലയിൽ ജൈവ കൃഷി രീതികൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ കൃഷിവകുപ്പ് സ്വീകരിച്ചുവരികയാണ്. ജൈവ കാർഷിക നയം സംസ്ഥാനം രൂപപ്പെടുത്തുകയും 2012-13 വർഷം കാസർഗോഡ് ജില്ലയെ സമ്പൂർണ്ണ ജൈവകാർഷിക ജില്ലയായി പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. 2016 ഓടെ സമ്പൂർണ്ണ ജൈവകൃഷി സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ കൃഷി വകുപ്പ് കൈക്കൊണ്ടുവരുന്നുണ്ട്. ജൈവകൃഷിയും സുരക്ഷിത ഭക്ഷ്യോത്പാദനവും ലക്ഷ്യമിട്ടുള്ള പദ്ധതികൾ ക്ലസ്റ്റർ അടിസ്ഥാനത്തിൽ 2014-15 വർഷം മുതൽ കാസർഗോഡ് ജില്ലയിൽ നടപ്പിലാക്കി വരുകയാണ്. ജൈവകൃഷി രീതികൾ പ്രോൽസാഹിപ്പിക്കുന്നതിനായി കേന്ദ്ര സഹായത്തോടെ പി.കെ.വി.വൈ. (പരമ്പരാഗത് കൃഷി വികാസ് യോജന) കാസർഗോഡ്, വയനാട് ഒഴികെയുള്ള ജില്ലകളിൽ നടപ്പിലാക്കി വരികയാണ്.<br><br>ചെലവു കുറഞ്ഞ മാതൃകാ പരമായ നല്ല ജൈവകൃഷി രീതികൾ ഘട്ടം ഘട്ടമായി പാലിച്ച് സമ്പൂർണ്ണ ജൈവ കൃഷിയിലേയ്ക്ക് മാറുന്നതിന് ജൈവ ഉത്പന്നങ്ങളുടെ സർട്ടിഫിക്കേഷൻ, വിപണനം, ജൈവ കാർഷികോത്പാദന ഉപാധികളുടെ ഉത്പാദന വർദ്ധനവും ഗുണനിലവാര പരിശോധന എന്നിവയും ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ചെലവില്ലാ പ്രകൃതി കൃഷി ശക്തിപ്പെടുത്തുന്ന കാര്യം കൃഷി വകുപ്പിന്റെ പരിഗണനയിലാണ്. |

**സെക്ഷൻ ഓഫീസർ**